LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിലെ വിവിധ സോണൽ ഓഫീസുകളിലെ ജീവനക്കാർക്കെതിരെ നഗരസഭാതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീകാര്യം സോണൽ ഓഫീസിലെ ക്ലർക്ക് ശ്രീ. അനിൽ കുമാറിനെയും ഓഫീസ് അറ്റൻഡന്റായ ശ്രീ. ബിജു.വി-യെയും സസ്പെൻഡ് ചെയ്യുകയും നിലവിൽ കൊല്ലം കോർപ്പറേഷനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ലളിതാംബികയ്ക്കെതിരായി വകുപ്പുതല നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്.

2. നേമം സോണൽ ഓഫീസിലെ സൂപ്രണ്ട് ശ്രീമതി ശാന്തി. എസ്-നെയും ക്ലർക്ക് ശ്രീമതി സുനിത. എസ്-നെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് നേമം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്.

3. ആറ്റിപ്ര സോണൽ ഓഫീസിലെ ചെയിൻമാനായ ശ്രീ.-ജോർജ്ജുകുട്ടിയെ സസ്പെൻഡ് ചെയ്യുകയും നിലവിൽ കൊല്ലം കോർപ്പറേഷനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സുമതിക്കെതിരെ വകുപ്പുതല നടപടികൾക്ക് ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

325 (325) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്ന മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തിയായ തഴക്കര വാർഡ് ഇരുപത് കല്ലുമല ഐ.ടി.ഐ. ജംഗ്ഷൻ -പുറംപാട്ട് മുക്ക് റോഡ് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത റോഡ് പ്രവൃത്തിക്കുപകരമായി തഴക്കര പഞ്ചായത്തിലെ വാർഡ് ഏഴ് ഗുരുമന്ദിരം ജംഗ്ഷൻ - പഴഞ്ചിറകുളം റോഡ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുമോ; ഈ ആവശ്യത്തിലേയ്ക്ക് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

കോടഞ്ചേരി പഞ്ചായത്തിൽ പറപ്പറ്റ പാലം നിർമ്മാണം

326 (326) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി പഞ്ചായത്തിൽ പ്രളയത്തിൽ തകർന്ന പറപ്പറ്റ പാലം പുനർനിർമ്മിക്കുന്നതിന് അനുവദിക്കപ്പെട്ട തുക തികയാത്തതിനാൽ കൂടുതൽ ഫണ്ട് അനുവദിച്ച് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-സി) 3-9-2021-ലെ സ.ഉ.(കൈ)നം. 193/2021/തസ്വഭവ. ഉത്തരവുപ്രകാരം പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി ഉത്തരവായിട്ടുണ്ട്.

തിരുവമ്പാടി മണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പ്രവൃത്തി

327 (327) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ അനുവദിച്ച സി.എം.എൽ.ആർ.ആർ.പി. പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) ഫൈനൽ ബിൽ സമർപ്പിച്ച പ്രവൃത്തികളുടെ ബിൽ തുക മാറുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ബിൽ തുക അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) പ്രവൃത്തികളുടെ ആധിക്യം കാരണം ബിൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ പരിമിതമായ ജീവനക്കാരെ ഉപയോഗപ്പെടുത്തി നടപടി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.